ശ്രീ രാം ചന്ദ്ര മിഷൻ®

സ്വകാര്യ പ്രചരണത്തിനു മാത്രം


സപ്തംബർ 2013 വാല്യം 6 ലക്കം 5

ECHOES INDIA

# മണപ്പാക്കം വാർത്തകൾ

## ജൂൺ 2013

ബ്രഹ്മാണ്ഡ്, കാൻഹ എന്നീ പ്രോജക്റ്റുകളിലെ ഭൂമിയുടെ രേഖകൾ പരിശോധിക്കുന്നതിൽ മാസ്റ്റർ വളരെയധികം താത്പര്യം കാണിച്ചിരുന്നു. ഇത് ഈ പ്രോജക്റ്റുകളുടെ നടത്തിപ്പിന് ഒരു നവോർജ്ജം പകർന്നു. മാസ്റ്റർ ഡോം 'എ' യിൽ വരികയും ഒരു പ്രഭാഷണം നടത്തുകയും ചെയ്തു, "നിങ്ങളെയെല്ലാവരെയും പോലെ എനിക്കും ഈ പ്രോജെക്റ്റിൽ ഭൂമിയുണ്ട്. നമ്മുടെയെല്ലാം ഗുണത്തിനായി ഈ പ്രശ്നങ്ങളെല്ലാം തീർന്ന് കാണുന്നതിൽ എനിക്കും അതിയായ താത്പര്യമുണ്ട്."




മാസ്റ്റർ ബാബുജിയുടെ ചില സൃഷ്ടികൾ സഹോ. കമലേഷിന് നൽകി. മാസ്റ്റർ തന്റെ ഡയറിക്കുറിപ്പുകളുടെ ഒറിജിനലുകളും അദ്ദേഹത്തിന് സമ്മാനിച്ചു. ആ ഡയറികളുടെ ശേഖരം എത്ര വലിയ നിധിയാണെന്നും ഭാവിയിലെല്ലാവർക്കും അതെത്രത്തോളം ഗുണം ചെയ്യുമെന്നും സഹോ. കമലേഷ് പട്ടേൽ പറഞ്ഞു. അപ്പോൾ മാസ്റ്റർ ഇങ്ങനെ പറഞ്ഞു, "ഇതാർക്കെങ്കിലും പ്രയോജനപ്പെടുമെന്ന് ഞാനൊരിക്കലും കരുതിയിരുന്നില്ല. എനിക്കു തന്നെ പിന്നീടോർത്തെടുക്കുവാനായിരുന്നു ഞാനത് കുറിച്ചിട്ടിരുന്നത്."

മാസ്റ്റർ ഒരു സംഭവത്തെക്കുറിച്ച് വിവരിച്ചു: ഒരു ദിവസം രാവിലെ അഞ്ച് മണിക്ക് മാസ്റ്റർ 'ഗായത്രി'യിൽ ബാബുജിയുടെ മുറിയുടെ പുറത്തിരുന്ന് ഡയറി എഴുതുകയായിരുന്നു. പെട്ടെന്ന് ബാബുജി പുറത്തേക്ക് വരികയും ഡയറി കാണിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. ഡയറി കാണിച്ചപ്പോൾ ബാബുജി ഇങ്ങനെ പറഞ്ഞു, "ഞാൻ പറഞ്ഞ എല്ലാത്തിനെക്കുറിച്ചും നീ എഴുതുന്നുണ്ടല്ലോ. എനിക്കു തന്നെ ഓർമ്മയില്ലാത്ത ഈ കാര്യങ്ങളെല്ലാം നീ എങ്ങനെ ഓർമ്മിച്ചിരിക്കുന്നു?" അപ്പോൾ മാസ്റ്റർ പ്രതിവചിച്ചു, "ആ ദിവസത്തിൽ എന്നെ ഞാൻ സ്വയം പ്രതിഷ്ഠിക്കും, അപ്പോൾ എല്ലാ കാര്യങ്ങളും എന്റെ മുന്നിൽ തെളിഞ്ഞുവരും." ഇതു കേട്ട ബാബുജി സന്തോഷത്തോടെ പറഞ്ഞു, "ഇതിനെയാണ് ഗവേഷണം എന്ന് വിളിക്കുന്നത്."

കിടന്നയുടൻ തന്നെ ഉറങ്ങാൻ മാസ്റ്റർക്കെങ്ങനെ സാധിക്കുന്നുവെന്ന് ബാബുജി മാസ്റ്ററോട് ചോദിച്ച കാര്യവും അദ്ദേഹം ഓർമ്മിച്ചു. ബാബുജിയോട് മാസ്റ്റർ പറഞ്ഞ മറുപടിയിതായിരുന്നു, "ഉറക്കം എന്റെ നെറ്റിത്തടത്തിൽനിന്ന് താഴോട്ടിറങ്ങിവന്ന് കണ്ണുകൾക്കുള്ളിൽ പ്രവേശിക്കുന്നതായി ഞാൻ സങ്കൽപിക്കും, അപ്പോഴേക്കും ഞാൻ ഉറങ്ങിയിരിക്കും." ബാബുജിയുടെ പ്രതികരണം ഇതായിരുന്നു, "നോക്കൂ, ഗവേഷണമെന്നാൽ പഠനങ്ങളെക്കുറിച്ചോ സിദ്ധാന്തങ്ങളെക്കുറിച്ചോ ധാരാളം എഴുതിക്കൂട്ടുകയല്ല. ഇതാണ് യഥാർത്ഥ ഗവേഷണം."

പിന്നീട് മാസ്റ്റർ പറഞ്ഞു, "ബാബുജിയുടെ കൂടെ യാത്ര ചെയ്തിരുന്നപ്പോഴായിരുന്നു മിക്ക ജോലികളും ചെയ്യാൻ ഞാൻ പഠിച്ചത്. അദ്ദേഹം എന്നോട് ജോലി ചെയ്യാനാവശ്യപ്പെടും. എന്നിട്ടദ്ദേഹം അത് നിരീക്ഷിക്കും. മിക്കപ്പോഴും അദ്ദേഹത്തിന്റെയടുത്തിരുന്ന് ജോലി ചെയ്യാനാവശ്യപ്പെടും. കൂട്ടത്തിൽ അദ്ദേഹത്തിൽനിന്ന് സംപ്രേഷണവുമുണ്ടാകും. ഒരു പത്ത് വർഷം കൂടി അദ്ദേഹത്തോടൊപ്പം ചെലവിടാൻ സാധിച്ചിരുന്നെങ്കിലെന്നാശിച്ചു പോകുന്നു."

## ജൂലൈ 2013

'മെനി മാസ്റ്റർ, മെനി ലൈവ്സ്' എന്ന പുസ്തകത്തിന്റെ രചയിതാവ് ബ്രയാൻ വെയ്സ് നടത്തിയ പൂർവജന്മങ്ങളുടെ അപഗ്രഥനം കുറച്ച് മാസങ്ങൾക്ക് മുമ്പ് ഇൻറർനെറ്റിലൂടെ മാസ്റ്റർ കണ്ടിരുന്നു. ബ്രയാൻ വെയ്സിന്റെ പുതിയ പുസ്തകം 'മിറക്ക്ൾ ഹാപ്പെൻ' (Miracles Happen), മാസ്റ്റർ വായിച്ചു തുടങ്ങി. പൂർവ്വജന്മങ്ങളുടെ അപഗ്രഥനം എന്ന ചികിത്സയിലൂടെ ആളുകൾ തങ്ങളുടെ കഴിഞ്ഞ ജന്മങ്ങളിലേയ്ക്ക് കടന്നുചെല്ലുന്നതാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ഈ ജന്മത്തിലെ നമ്മുടെ കണ്ടുമുട്ടലുകളും കൂട്ടുകെട്ടുകളും ആകസ്മികമായി സംഭവിക്കുന്ന ഒന്നല്ല എന്നും മറിച്ച് അത്തരത്തിലുള്ള കൂടിച്ചേരലുകൾ പിന്നിട്ട പല ജന്മങ്ങളിൽ നിന്നുള്ള തുടർച്ചയാണെന്നുമുള്ള ആശയം പല ഉദാഹരണങ്ങളിലൂടെ ഈ പുസ്തകം മുന്നോട്ട് വെയ്ക്കുന്നു.

മാസ്റ്റർ ഒരേസമയം രണ്ടുമൂന്ന് പുസ്തകങ്ങളിലൂടെ കടന്ന് പോകുന്നുണ്ടായിരുന്നു. ഒരോ വായനാവേളയിലും അദ്ദേഹം ഇവയിൽ നിന്നൊരെണ്ണം തിരഞ്ഞെടുക്കും. ഇവ വാരാന്ത്യങ്ങളിൽ ഒമേഗ സ്കൂളിലെ വിദ്യാർത്ഥികൾ മാസ്റ്റർക്ക് വായിച്ചുകൊടുക്കും. പുസ്തകവായന നടക്കുമ്പോൾ മാസ്റ്റർ കണ്ണടച്ച് അതിൽ ശ്രദ്ധ കേന്ദ്രീകരിക്കും. വായിക്കുന്നയാൾക്ക് തെറ്റുപറ്റിയാൽ തിരുത്താനും മാസ്റ്റർ സഹായിക്കും.







## സിംഗപ്പൂർ ധ്യാനകേന്ദ്രത്തിൻെറ ഉദ്ഘാടനം

ബുധനാഴ്ച, ജൂലായ് 3, 2013 – "സിംഗപ്പൂരിലെ ഈ ധ്യാന കേന്ദ്രത്തിനായി നമ്മൾ വളരെ കാലമായി കാത്തിരിക്കുകയായിരുന്നു" എന്ന് മാസ്റ്റർ പറഞ്ഞു. രാവിലെ വളരെ നേരത്തെതന്നെ തയ്യാറായ അദ്ദേഹം വീഡിയോ കോൺഫറൻസ് എന്ന സാങ്കേതികവിദ്യയുടെ സഹായത്തോടെ സിംഗപ്പൂർ അഭ്യാസികളോടൊപ്പം ചേരുവാൻ തയ്യാറായി. സിംഗപ്പൂർ അഭ്യാസികളോട് ആദ്യം ധ്യാനത്തിലിരിക്കുവാനും മാസ്റ്റർ പിന്നീട് എത്തുമെന്നും നേരത്തെ അറിയിച്ചിരുന്നു. സിംഗപ്പൂർ ധ്യാനകേന്ദ്രത്തിലെ സത്സംഗം അവസാനിച്ചതും മാസ്റ്റർ തൻെറ കാര്യാലയത്തിലേക്ക് ഉത്സാഹത്തോടെ നടന്ന് വന്നു. അവിടത്തെ അഭ്യാസികളെ അഭിവാദ്യം ചെയ്ത അദ്ദേഹം തുടർന്ന് മനോഹരമായൊരു പ്രഭാഷണം നടത്തി. അതിലദ്ദേഹം 'ട്വിങ്ക്ൾ ട്വിങ്ക്ൾ ലിറ്റിൽ സ്റ്റാർ' എന്ന നഴ്സറി പദ്യത്തെക്കുറിച്ച് പ്രതിപാദിച്ചു കൊണ്ട് ഇങ്ങനെ പറഞ്ഞു, "നിങ്ങൾ നോക്കൂ, ഒരു രത്നം ഒരിക്കലും പുറമേ നിന്നുള്ള വെളിച്ചത്തെ പ്രതിഫലിപ്പിക്കുന്നില്ല. അതിന് 'പൂർണ്ണ ആന്തരിക പ്രതിഫലനം' എന്നൊരു പ്രതിഭാസമുണ്ട്. രത്നത്തിനകത്തെ വെളിച്ചം രക്ഷപ്പെടാതെ പൂർണമായും പ്ര തിഫലിക്കപ്പെടുന്നു. അതിനാലാണതു ഇത്രയും ഉജ്ജ്വലവും അതി മനോഹരവുമാകുന്നത്... നാം ധ്യാനിക്കേണ്ട ഹൃദയത്തിലെ പ്രകാശത്തിനെ വളരുവാൻ അനുവദിക്കണം, നമ്മുടെയുള്ളിൽ അതിൻെറ പ്രതിഫലനം തുടർന്ന് ഒരു നാൾ നമ്മളും ഒരു നക്ഷത്രത്തെ പോലെയായിത്തീരണം''. തുടർന്ന് കുട്ടികളോട് മുന്നോട്ട് വരുവാൻ ആവശ്യപ്പെട്ട അദ്ദേഹം പ്രകൃതിയിലെല്ലാം അകത്തു നിന്നും പുറത്തേക്ക് വളരുന്നതാണെന്നും, അതിനാൽ നമ്മുടെ ആദ്ധ്യാത്മിക ജീവിതവും ഉള്ളിൽ നിന്നും വളരണമെന്നും പറഞ്ഞു.

ഒരു ദിവസം വളരെ നേരത്തെ എഴുന്നേറ്റ മാസ്റ്റർ പുറത്ത് വന്നിരിക്കുവാൻ തീരുമാനിച്ചു. കുറച്ച് നേരം മൗനത്തിലായിരുന്ന അദ്ദേഹം അന്നത്തെ പത്രം വായിച്ചു കേൾപ്പിക്കുവാൻ ആവശ്യപ്പെട്ടു. പക്ഷെ കുറച്ച് കഴിഞ്ഞപ്പോഴേക്കും സഹോ.സദ്ബീർ വന്നതോടെ അദ്ദേഹത്തിൻെറ മനസ്സ് ഇ–മെയിലുകൾ വായിക്കുന്നതിലേക്ക് പോയി. അദ്ദേഹത്തിൻെറ അക്ഷമ പ്രകടമായിരുന്നു, തുടർന്നദ്ദേഹം ഇ–മെയിലുകൾ പരിശോധിക്കുവാൻ പോയി. അദ്ദേഹത്തിനെപ്പോഴും തൻെറ ജോലി കഴിഞ്ഞേ മറ്റൊന്നുള്ളൂ.

## ബുധനാഴ്ച ജൂലായ് 10, 2013

കാലത്ത് 9 മണിക്ക് ഏകദേശം നാൽപ്പതു മിനിറ്റോളം നീണ്ടു നിന്ന സത്സംഗത്തിന് ശേഷം മാസ്റ്റർ നാല് കല്യാണങ്ങൾക്കും ഒരു നിശ്ചയത്തിനും കാർമികത്വം വഹിച്ചു. ഇതിനു ശേഷം വളരെ ക്ഷീണിതനായി കാണപ്പെട്ട അദ്ദേഹം വിശ്രമിക്കുവാൻ പോയി. അന്നു വൈകീട്ട് ചാറ്റൽ മഴയുണ്ടായിരുന്നതിനാൽ മാസ്റ്റർ കോട്ടേജിൻെറ അങ്കണത്തിലിരുന്നാണ് സത്സംഗം നടത്തിയത്. സത്സംഗം തീർന്നതിനു ശേഷം ഏകദേശം മുപ്പത് മിനിറ്റോളം അതി ശക്തമായി മഴ പെയ്തു.

അടുത്ത് വരുന്ന ജന്മദിനാഘോഷങ്ങൾക്ക് വേണ്ടി, ഏതാണ്ട് 10,000 അഭ്യാസികൾക്ക് താമസിക്കുവാനായുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നുണ്ടായിരുന്നു. അതിനായി ഒരു ബഡ്ജറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ മാസ്റ്റർ ആവശ്യപ്പെട്ടു.


ചെന്നൈയിൽ വർഷക്കാലത്തിൻെറ വരവായി, ഒരു രാത്രി മാസ്റ്റർ തൻെറ വീൽചെയറിലിരുന്ന് കൊണ്ട് ശക്തിയായി പെയ്തുകൊണ്ടിരിക്കുന്ന മഴ ആസ്വദിച്ചു. "ഇങ്ങനെ ശരിക്കും രണ്ട് മണിക്കൂർ മഴ പെയ്താൽ നമ്മുടെ വെള്ളത്തിൻെറ പ്രശ്നങ്ങൾക്ക് പരിഹാരമാകും" എന്നദ്ദേഹം പറഞ്ഞു.

മിക്കവാറും എല്ലാ ദിവസവും ഒരു പ്രിഫെക്റ്റ് സിറ്റിംഗ് എന്നത് മാസ്റ്ററുടെ ഒരു ദിനചര്യയായി മാറിക്കഴിഞ്ഞു. ദിവസത്തിലെ ആദ്യ കാര്യമായി ഇതു ചെയ്യാനാണ് അദ്ദേഹത്തിന് താൽപ്പര്യവും. ദിവസവും അദ്ദേഹം ആദ്യം ചെയ്യുന്നതും ഏറ്റവും പ്രാധാന്യം നൽകുന്നതുമായ ജോലി ഇതിനായതിനാൽ അത് തീരും വരെ വേറെ ഒന്നിനും അദ്ദേഹത്തിൻെറ ശ്രദ്ധ ആകർഷിക്കാനാവില്ല.

## ശനിയാഴ്ച, ജൂലായ് 13, 2013

മാസ്റ്റർക്ക് ധാരാളം സിറ്റിംഗുകൾക്ക് പരിപാടിയുള്ള ദിവസമായിരുന്നു അന്ന്. കാലത്ത് 7:15 ആയപ്പോഴേക്കും അദ്ദേഹം സിറ്റിംഗുകൾ തീർത്തു. പിന്നീട് അദ്ദേഹത്തിൻെറ നേത്രചികിത്സ തുടങ്ങി. ശ്രീ എൽ. സുബ്രമണ്യത്തിൻെറ കച്ചേരി കേട്ടുകൊണ്ട് അദ്ദേഹം മുടി വെട്ടിക്കുന്നതിനായിരുന്നുകൊടുത്തു. അപ്പോൾ അദ്ദേഹത്തിൻെറ അടുത്ത സഹചാരികളിലൊരാളായ ഒരഭ്യാസിയുടെ മരണ വാർത്ത എത്തിചേർന്നു. അദ്ദേഹത്തിൻെറ ഭാവനിലയിൽ മാറ്റം വന്നു, കുറച്ച് നേരത്തേക്ക് അദ്ദേഹം

വേറെയേതോ ലോകത്തിലായിരുന്ന പോലെയായി. അദ്ദേഹം അപ്പോൾ ഇങ്ങനെ പറഞ്ഞു, “ഒരു നിമിഷം ഇവിടെ, അടുത്ത നിമിഷം പോയി. എവിടെ എന്നാർക്കുമറിയില്ല.'' ഇതിന് ശേഷം അദ്ദേഹം അടുത്ത ഒരു മണിക്കൂർ തീർത്തും നിശ്ശബ്ദനായിരുന്നു, ഇടക്ക് കണ്ണുകളടച്ചു കൊണ്ടും, ഇടക്ക് ശൂന്യതയിലേക്ക് കണ്ണു നട്ടുകൊണ്ടും.



**2013 ജൂലായ് 14 ഞായറാഴ്ച**

മാസ്റ്റർ മെഡിറ്റേഷൻ ഹാളിൽ പോകുവാൻ തിരുമാനിച്ചിരുന്നെങ്കിലും അദ്ദേഹത്തിൻെറ ആരോഗ്യ സ്ഥിതി അനുകൂലമല്ലാഞ്ഞതിനാൽ ഡോക്ടർമാർ അദ്ദേഹത്തോട് കോട്ടേജിൽ തന്നെ കഴിയാൻ ഉപദേശിച്ചു. വസതിയിലെ സെൻറൽ ഹാൾ മാസ്റ്റർക്ക് വിവാഹങ്ങൾ നടത്താനുള്ള വേദിയായി മാറി. സത്സംഗം നടത്തിയതിനു ശേഷം അദ്ദേഹം അഞ്ച് വിവാഹങ്ങൾ നടത്തി. മാസ്റ്റർ സഹോ. സാൻസ്ക്രിറ്റ് കണ്ണൻെറ ഗീത പ്രഭാഷണം കേൾക്കാൻ വേണ്ടി ഒരു മണിക്കൂറോളം ഇരുന്നു. ഇത് വരെയായി അദ്ദേഹം ആദ്യത്തെ ആറ് അദ്ധ്യായങ്ങൾ വായിച്ചു കഴിഞ്ഞു. ഒരോ ഖണ്ഡത്തിൻെറയും സമാപനത്തിൽ മാസ്റ്റർ അനുബന്ധമായി ഒന്നോ രണ്ടോ വാക്യങ്ങൾ പറയാറുണ്ട്.

ജൂലായ് 20ന് യുഎസ്എയിൽ നിന്ന് ഭാർഗവിൻെറ തിരിച്ചുവരവിൽ മാസ്റ്റർ വളരെ സന്തോഷവാനായിരുന്നു. അദ്ദേഹം പറഞ്ഞു “കൊച്ചുമകനെ സ്വാഗതം.ഞാൻ നിന്നെ കാത്തിരിക്കുകയായിരുന്നു.'' അദ്ദേഹം കുറച്ചുസമയം കുടുംബത്തോടൊപ്പം ചിലവഴിച്ചു. പിന്നെ അവിടെ ഉണ്ടായിരുന്നവർക്ക് സിറ്റിംഗും നൽകി. അതിനുശേഷം അദ്ദേഹം സഹോ. വുല്ലിമീറിനും സഹോ. ആൽബെർടൊക്കുമൊപ്പം വിവിധ പരിശീലന പരിപാടികളെക്കുറിച്ചു ചർച്ചചെയ്തു. അദ്ദേഹം അവരോടു ചോദിച്ചു, ''വളർച്ചയുടെ കൂടെ വളരുന്ന അഹന്തയെ കൂടാതെ എങ്ങനെ വളരാം– അതാണു പ്രകൃതിയുടെ രഹസ്യം. കുട്ടികളെ നമുക്ക് ഉദാഹരണമാക്കാം. അവർക്ക് 3 വയസ്സാവുമ്പൊഴേക്കും അഹന്ത വളരാൻ തുടങ്ങും. അച്ഛൻ പറയും ‘അതു ചെയ്യ്’. ‘എനിക്കറിയാം’. വളർച്ചയുടെ തുടക്കത്തിൽ അത് ആവശ്യമായിരിക്കാം. ആത്മവിശ്വാസമുണ്ടാവാനും, ലോകത്തെ നേരിടാനും, സാമൂഹ്യവൽക്കരിക്കാനും. പക്ഷെ അത് ആദ്യത്തെ പാൽപ്പല്ലുകൾ പോലെയാണ്. അതു പോവണം. അതുപോലെ ഈ അഹന്തയും പാകമാവണം. അതായത് എളിമയിലേക്ക് പുഷ്പിക്കണം.''

**2013 ജൂലായ് 22 തിങ്കൾ, ഗുരുപൂർണ്ണിമ**

ഗുരുശിഷ്യ ബന്ധത്തിൽ ഒരു അഭ്യാസിയുടെ ജീവിതത്തിൽ ഏറെ പ്രസക്തിയുള്ള ദിനമാണിത്. അഭ്യാസികളെക്കൊണ്ട് ആശ്രമം നിറഞ്ഞിരുന്നു. മാസ്റ്റർ വളരെ നേരത്തെ തന്നെ തയ്യാറായി. രാവിലെതന്നെ അദ്ദേഹം കുറച്ച് അഭ്യാസികളുമായി കൂടിക്കാഴ്ച നടത്തി. കാൻഹ ശാന്തി വനത്തിൻെറ ഒരു വലിയ മാതൃകയുമായി ഹൈദരബാദിൽ നിന്ന് ഒരു സംഘം എത്തിയിരുന്നു. മാസ്റ്റർ അത് വളരെ സൂക്ഷ്മമായി പരിശോധിച്ചു. അദ്ദേഹം അതിൽ വളരെ സന്തുഷ്ടനാവുകയും അഭിമാനത്തോടെ അത് കാണാൻ കുറെ അഭ്യാസികളെ വിളിക്കുകയും അതിൻെറ സവിശേഷതകൾ വിവരിക്കുകയും ചെയ്തു.

മെഡിറ്റേഷൻ ഹാളിൽ പ്രഭാത സത്സംഗം നടത്തിയതിനു ശേഷം മാസ്റ്റർ ഒരു പ്രഭാഷണവും നൽകി. അതിൽ അദ്ദേഹം പറഞ്ഞു, സഹജ മാർഗത്തിന് എണ്ണമറ്റ അനുഗ്രഹങ്ങൾ നമുക്ക് തരുവാനുണ്ട്, പക്ഷെ നാം അതിൽ എത്രയെണ്ണം കൂടെ കൊണ്ടുപോകുന്നു? അദ്ദേഹം പറഞ്ഞു “സ്വയം സത്യസന്ധമായി വിലയിരുത്തുന്നതിൻെറയും പരിശോധിക്കുന്നതിൻെറയും ആവശ്യത്തിൽ നിന്ന് ഒരിക്കലും ഒഴിവാകരുത്. നിങ്ങളിലുണ്ടെന്ന് നിങ്ങൾക്കറിയാവുന്ന ചീത്ത കാര്യങ്ങൾ ഇപ്പൊഴെങ്കിലും വലിച്ചെറിയാൻ തുടങ്ങുക.''

**മാസ്റ്ററുടെ എൺപത്തിയേഴാം ജന്മദിനാഘോഷങ്ങൾ**

മാസ്റ്റർ രാവിലെ വളരെ നേരത്തെ തന്നെ തയ്യാറായിരുന്നു. അടുക്കളയിലെ വളൻറിയർമാർ കൊണ്ടു വന്ന പ്രസാദം അദ്ദേഹം അനുഗ്രഹിക്കുകയും അവരുടെ അഭ്യർത്ഥനപ്രകാരം ഒരു കേക്ക് മുറിക്കുകയും ചെയ്തു. സഹോ. കൃഷ്ണയും കുടുംബവും സഹോ. കമലേഷ് പട്ടേലും കുടുംബവും മാസ്റ്ററെ കണ്ടു. സൂര്യനുദിക്കുന്നതിനു മുൻപെ തന്നെ അഭ്യാസികൾ വസതിയുടെ ഗേറ്റിനടുത്ത് കാത്തുനിൽക്കുന്നുണ്ടായിരുന്നു. മാസ്റ്റർ അദ്ദേഹത്തിൻെറ കിടപ്പുമുറിയിൽ ഇരിക്കുകയായിരുന്നു. വളൻറിയർമാരുടെ സഹായത്തോടെ അഭ്യാസികൾ മാസ്റ്ററെ കണാനും ആശംസിക്കാനും വേണ്ടി അകത്തേക്കു കടന്നു. അദ്ദേഹം പ്രഭാത സത്സംഗം നടത്തുന്നതിനു മുൻപെ ഇരുന്നൂറ്റി അൻപതോളം അഭ്യാസികൾ അദ്ദേഹത്തെ ചെന്ന് കണ്ടിട്ടുണ്ടാവും. മെഡിറ്റേഷൻ ഹാളിലേക്ക് മാസ്റ്റർ തൻെറ വീൽചെയറിൽ വന്നു. ഈ വർഷം ഭണ്ഡാര ഇല്ലാത്തതിനാൽ അഭ്യാസികളോടു അതാതു സെൻററുകളിൽ വച്ചു തന്നെ അഘോഷിക്കാൻ പറഞ്ഞിരുന്നു.









ചെന്നൈയിലെ കാര്യങ്ങൾ തത്സമയം കാണാൻ വേണ്ടി ഒരു വീഡിയൊ സംവിധാനം ഒരുക്കിയിരുന്നു. സത്സംഗം, പുസ്തക പ്രകാശനം, മാസ്റ്ററുടെ പ്രഭാഷണങ്ങൾ, മാസ്റ്റർ ഉടൻ തന്നെ പോവുകയാണെന്ന അറിയിപ്പ്, ഉടൻ തന്നെ മാസ്റ്റർ തനിക്ക് ഇനിയും സംസാരിക്കണം എന്നു പറഞ്ഞുകൊണ്ട് രണ്ടു പ്ര ഭാഷണങ്ങൾ കൂടെ നൽകിയത്, ഭജനകൾ ഇവയെല്ലാം തന്നെ മണപ്പാക്കത്തും പുറത്തുമുള്ളവർക്ക് ഒരു വലിയ അനുഭൂതിയായി മാറി. ആദ്യത്തെ പ്രഭാഷണത്തിൽ അദ്ദേഹം ആത്മീയ പരിണാമം നമുക്കു മാത്രമുള്ളതല്ല എന്ന് ഓർമിപ്പിച്ചു. നമ്മുടെ കുട്ടികളും നമ്മുടെ സമൂഹവും നമ്മുടെ കൂടെ പുരോഗമിക്കണം.

അദ്ദേഹം തുടർന്നു: “നമ്മൾക്ക് ഏറ്റവും അപകടകരമായത്, തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യമാണ്, കാരണം, നിങ്ങൾക്കു തിരെഞ്ഞെടുക്കുവാനുള്ള വിവേകമില്ലെങ്കിൽ, അത് എല്ലാ ചീത്ത കാര്യങ്ങളിലൂടെയും സ്വയം ശിക്ഷിക്കുവാൻ സഹായിക്കുന്നു. ... സഹജമാർഗം വളരെ ലളിതമാണ്, പക്ഷെ ലളിതമായിരിക്കുവാനുള്ള ധൈര്യം വേണം. നിങ്ങളുടെ ഹൃദയത്തിലുള്ളത് തുറന്ന് പറയുവാനുള്ള ധൈര്യം വേണം.”



രണ്ടാമത്തെ പ്രഭാഷണത്തിൽ മാസ്റ്റർ പറഞ്ഞു: “നിങ്ങളാരുമില്ലെങ്കിൽ ഞാൻ ഏകാന്തനാണ്. ഉത്സവം തുടങ്ങുന്നതിന്നു മുമ്പെ അവരെല്ലാവരും വളരെ കുറച്ചു നാളത്തേക്കു മാത്രമായി വരുന്നെന്നും അതു കഴിഞ്ഞാൽ അവർ പോകുമെന്നും ഞാൻ ഏകനാകുമെന്നും എനിക്കു തോന്നുന്നു, അതിൽ ഞാൻ ദുഖിതനാണ്. ആയതിനാൽ ഏകാന്തത ഒഴിവാക്കുവാൻ എനിക്ക് എൻെറ ആധ്യാത്മികപാതയിൽ ചങ്ങാതിമാർ വേണം, അവർ ഇവിടെ ഉണ്ടെങ്കിലും ഇല്ലെങ്കിലും അവരുടെ സാനിധ്യം എനിക്ക് അനുഭവമാകണം.”

രാവിലത്തെ യോഗത്തിനുശേഷം മാസ്റ്റർ അഭ്യാസികളെ കോട്ടേജിൽനിന്നു കാണുന്നത് തുടർന്നു. ഉച്ചയായപ്പോൾ സുമാർ അമ്പത് റഷ്യൻ അഭ്യാസികളാൽ മാസ്റ്ററുടെ കിടപ്പുമുറി നിറഞ്ഞു. പൊടുന്നനെ അന്തരീക്ഷം ആകെ മാറി എങ്ങും ഒരു പ്രകാശം പരന്നു. ഉടനെ മാസ്റ്റർ ഒരു സിറ്റിംഗ് നൽകാൻ തീരുമാനിച്ചു! മാസ്റ്റർ റഷ്യ സന്ദർശിക്കുന്നതിനായുള്ള അദ്ദേഹത്തിൻെറ തീവ്രമായ ഉത്സാഹം അറിയിച്ചു. റഷ്യൻ അഭ്യാസികൾ അടുത്ത വേനലിൽ മാസ്റ്ററെ സ്വീകരിക്കാനുള്ള ഏർപ്പാടുകൾ ചെയ്തു തുടങ്ങി. ഇതുമാതിരി തിടുക്കത്തിൽ വളരെ സന്തോഷത്തോടെ ആസൂത്രണം ചെയ്ത പരിപാടിക്ക് മാസ്റ്ററുടെ ആരോഗ്യം ഒരു പ്രശ്നമായിരുന്നില്ല. അദ്ദേഹത്തിൻെറ ആരോഗ്യം ദുർബലമായി തുടരുമ്പോഴും ഇത്തരം തീവ്രമായ ഉത്സാഹം എല്ലാവരിലും ആനന്ദകണ്ണീരു പൊടിയാൻ കാരണമായി.

വൈകുന്നേരം പുല്ലാങ്കുഴൽ വിദ്വാൻ സഹോ.ശശാങ്ക് മെഡിറ്റേഷൻ ഹാളിൽ ഒരു ഫ്യൂഷൻ സ്റ്റൈൽ കച്ചേരി നടത്തി. മാസ്റ്റർ പരിപാടിയുടെ കുറച്ചു ഭാഗം ലൈവ് റിലെ വഴി കണ്ടു. ദിവസാവസാനം പതിവുപോലെ മാസ്റ്റർ ഒരു സിനിമ കാണുകയും, സുമാർ 10 മണിക്ക് ഉറങ്ങുവാൻ പോകുകയും ചെയ്തു.

**2013 ജൂലായ് 25, വ്യാഴാഴ്ച്ച**

മാസ്റ്റർ അദ്ദേഹത്തിൻെറ ഓഫീസിൽ ഇ-മെയിലുകളിൽ





വ്യാപൃതനായി സത്സംഗം കഴിയുവാൻ കാത്തിരുക്കുകയായിരുന്നു. അതിനുശേഷം സഹോ.കമലേഷിൻെറ പ്രഭാഷണം വളരെ താത്പര്യത്തോടെ ശ്രദ്ധിച്ച് കേട്ടുകൊണ്ടിരുന്നു. അതിനുശേഷം മൽഡൊാവ മെഡിറ്റേഷൻ സെൻററിൻെറ ഒരു വിഡിയോ പ്ര ദർശനമുണ്ടായി. മാസ്റ്റർ ഈ വിഡിയോ വളരെ സന്തോഷവാനായി കണ്ടിരുന്നു. മെഡിറ്റേഷൻ സെൻററിൻെറ രൂപരേഖ അതിഗം ഭീരമായിരുന്നു. അടുക്കളയും ഭക്ഷണമുറിയും ഉയർന്ന ഗുണനിലവാരമുള്ളതും, താമസമുറികൾ ഒരു ആഡംഭര ഹോട്ടലിലേതുപോലെയും ആയിരുന്നു, മെഡിറ്റേഷൻ ഹാൾ കണ്ടാൽ ഒരു ബഹിരാകാശ വാഹനം പറന്നു പൊന്തുന്നതുപോലെ അനുഭവപ്പെടുന്നു! എന്നു മാസ്റ്റർ പറഞ്ഞു. വളരെ കുറച്ച് അഭ്യാസികൾ മാത്രമുള്ള ഒരു ചെറിയ സെൻററിൻെറ ഇത്തരം സംരം ഭം മാസ്റ്ററെയും സഹോ. കമലേഷിനെയും ആനന്ദപുളകിതരാക്കി.

വീഡിയോ പ്രദർശനത്തിനുശേഷം മാസ്റ്റർ എല്ലാവർക്കും ഒരു സിറ്റിംഗ് നൽകുകയും തുടർന്ന് മുറിയിലുണ്ടായിരുന്നവരോട് എന്തായിരുന്നു അവരുടെ അനുഭവം എന്നന്വേഷിക്കുകയും ചെയ്തു. ഏല്ലാവരും അവരുടെ അനുഭവം പങ്കിട്ടു കഴിഞ്ഞപ്പോൾ മാസ്റ്റർ പറഞ്ഞു, “ഈ സിറ്റിംഗിൽ ഞാൻ ഒരു പ്രത്യേകതരം രീതിയാണ് ഉപയോഗിച്ചത്”

മാസ്റ്റർ വിജയപരാജയങ്ങളെക്കുറിച്ച് സംസാരിക്കവെ ഇങ്ങനെ പറഞ്ഞു, “പരാജയത്തിൻെറ കാരണം നമുക്ക് ഒന്നൊന്നായി ചൂണ്ടികാണിക്കാൻ സാധിക്കും എന്നാൽ വിജയം അങ്ങനെയല്ല. എൻെറ സെയിൽസിലുള്ള ജോലിസമയത്ത് ഞാൻ എപ്പോഴും സഹകരണത്തെക്കുറിച്ച് പറയുമായിരുന്നു, ഒരു കാർ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അത് എന്തുകൊണ്ടാണെന്ന് നിങ്ങൾക്ക് പറയാമോ? പറ്റില്ല. പക്ഷേ അത് പ്രവർത്തിക്കുന്നില്ലെങ്കിൽ അതിൻെറ കാരണം എന്താണെന്ന് നമുക്ക് തീർച്ചയായും പറയാൻ സാധിക്കും.’’

### ആഗസ്റ്റ് 2013

ആഗസ്റ്റ് 2-ാം തീയതി ലൂണാർ കലണ്ടർ പ്രകാരം മാസ്റ്ററുടെ ജന്മദിനമായിരുന്നു. അന്ന് കോട്ടെജിലെ എല്ലാ സഹോദരന്മാരും നീല ഷർട്ടും മുണ്ടും ധരിച്ചാണ് വന്നത്. രാവിലെ മാസ്റ്റർ പ്രസാദം അർപ്പിക്കുകയും ഉച്ചയൂണിന് 50 പേർക്കുള്ള ഭക്ഷണവും ഏർപ്പാടു ചെയ്തു. ഉച്ചയ്ക്ക് അദ്ദേഹം എല്ലാവരുമൊത്ത് പുറത്തിരുന്നു ഊണുകഴിച്ചു.

### വടക്കെ അമേരിക്കയിലെ പ്രിഫക്റ്റുമാരുടെ സെമിനാർ

ആഗസ്റ്റ് 8 മുതൽ 10 വരെ

8-ാം തിയതി രാവിലെ കോട്ടെജിൽ എത്തിച്ചേർന്ന പ്രിഫക്റ്റുകളെ മാസ്റ്റർ അഭിസംബോധന ചെയ്യുവാൻ തീരുമാനിച്ചിരുന്നെങ്കിലും ദേഹാസ്വാസ്ഥ്യം കാരണം അത് സാധിച്ചില്ല. അതിനാൽ എല്ലാവരും ഓഡിറ്റോറിയത്തിലേക്ക് മടങ്ങി.

എന്നാൽ എല്ലാവരെയും ആശ്ചര്യപ്പെടുത്തിക്കൊണ്ട് അദ്ദേഹം വൈകുന്നേരം കോട്ടേജിൻെറ പുറത്ത് വന്നിരുന്നു. ഈ അവസരത്തിൽ മാസ്റ്റർ വടക്കെ അമേരിക്കയിൽ നിന്നുള്ള പ്രിഫെക്റ്റുകളുമൊത്ത് സമയം ചെലവഴിക്കുകയും അവരെ അഭിസംബോധന ചെയ്യുകയും ചെയ്തു.

സഹോ.സന്തോഷ് ശ്രീനിവാസനും പതിനാല് മറ്റ് ഫെസിലിറ്റേറ്റർമാരും ചേർന്ന് 140 പ്രിഫെക്റ്റുകൾക്കായി ‘പ്രിഫക്റ്റുകളുടെ അനുഭവങ്ങൾ ദൃഢപ്പെടുത്തൽ’ എന്ന പരിപാടി സംഘടിപ്പിച്ചു. മൂന്നു ദിവസവും സഹോ. കമലേഷിൻെറ പ്ര ഭാഷണം ഉണ്ടായിരുന്നു. ഞായറാഴ്ചത്തെ ചോദ്യോത്തരവേളയോടുകൂടി പരിപാടി സമാപിച്ചു.

### വെള്ളിയാഴ്ച ആഗസ്റ്റ് 9, 2013

റംസാൻ മാസത്തിലെ അവസാന ദിവസമായ ഈദ് ദിനത്തിൽ ആശ്രമത്തിനടുത്തുള്ള ഒരു മുസ്ലിം കുടുംബം സ്ഥിരമായി മാസ്റ്ററെ സന്ദർശിച്ച് അനുഗ്രഹം തേടാറുണ്ട്. മാസ്റ്റർ അവരെ ക്ഷണിക്കുകയും കുട്ടികൾക്ക് മിഠായി വിതരണം ചെയ്യുകയും, പ്രസാദം അർപ്പിച്ചശേഷം അത് എല്ലാവർക്കും വിതരണം ചെയ്യുകയും സത്സംഗം നടത്തുകയും ചെയ്തു.

### വടക്കെ അമേരിക്കക്കാരുടെ സെമിനാർ

ആഗസ്റ്റ് 11 മുതൽ 17 വരെ




വടക്കെ അമേരിക്കയിൽ നിന്നും കാനഡയിൽ നിന്നും ആദ്ധ്യാത്മിക പുരോഗതി നേടാൻ എത്തിച്ചേർന്ന അഭ്യാസികൾക്ക് മാസ്റ്റർ നൽകിയ വിഷയമായിരുന്നു ‘ആദ്ധ്യാത്മിക വളർച്ചയുടെ ഏറ്റവും വലിയ തടസ്സമാണ് മുൻവിധി’ എന്നത്. ഇവർക്കുള്ള പ്രഭാഷകരായി മാസ്റ്റർ തിരഞ്ഞെടുത്തത് പി.ആർ.കൃഷ്ണ, കമലേഷ്, റോബ് ക്ലിങ്ങർ, കണ്ണൻ, വിനോദ്, സഹോദരി എലിസബത് എന്നിവരെയാണ്.

സഹോ. കമലേഷ് തൻെറ പ്രഭാഷണത്തിൽ മിഷൻ സാഹിത്യം വായിക്കുന്നതിൻെറ പ്രാധാന്യത്തെപ്പറ്റി ഊന്നിപ്പറയുകയും,








◀ സ്വാതന്ത്ര്യ ദിനത്തിൽ സഹോ. കമലേഷ് ഇന്ത്യൻ പതാക ഉയർത്തുന്നു






ഉച്ചസമയം മാസ്റ്റർമാരുടെ ഗ്രന്ഥങ്ങൾ വായിക്കുന്നതിനായി ചിലവഴിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. നമ്മുടെ മാസ്റ്റർമാരുടെ രചനകളുടെ പശ്ചാത്തലം നമ്മിൽ ഉണ്ടായിരിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു.

ഈ ഒത്തുചേരൽ വേളയിൽ സഹജമാർഗ്ഗത്തെക്കുറിച്ച് അറിയുവാൻ താത്പര്യമുള്ള യുവാക്കൾക്കായി, ആദ്ധ്യാത്മികതയുടെ പങ്ക്, യുവാക്കൾക്ക് അതുമായുള്ള ബന്ധം, മാസ്റ്റർ നമ്മുടെ ജീവിതത്തിൽ വഹിക്കുന്ന പങ്ക് എന്നിവ മനസ്സിലാക്കുന്നതിനായി ഒരു പരിശീലന പരിപാടി നടത്തുകയുണ്ടായി.

അധ്യാപകരെയും വിദ്ധ്യാർഥികളെയും സഹോ. വിക്റ്റർ കണ്ണൻ 'യൂ-കണക്റ്റ്'(യൂണിവേർസിറ്റി കണക്റ്റ്) എന്ന പരിപാടി പരിചയപ്പെടുത്തി. ഉന്നത വിദ്യാഭ്യാസ മേഖലകളിലുള്ള അഭ്യാസികളോട് സഹോ. കൃഷ്ണ ലിംഗ കൂടുതൽ ഉത്സാഹത്തോടുകൂടിയുള്ള സമീപനത്തിലൂടെ സഹജമാർഗ്ഗം വരും തലമുറകളിലേക്ക് കൈമാറുവാൻ ആവശ്യപ്പെട്ടു.

ഈ സെമിനാറിന്റെ അവസരത്തിൽ ചെന്നൈയിൽ നല്ല മഴയുണ്ടായിരുന്നെങ്കിലും 16-ന് അത് കുറഞ്ഞു. വൈകുന്നേരങ്ങളിലെ സിറ്റിംഗിനുശേഷം എല്ലാ ദിവസവും മാസ്റ്ററുടെ കോട്ടേജിന്റെ ഗേറ്റുകൾ അഭ്യാസികൾക്കായി തുറന്നുകൊടുത്തിരുന്നു. 16-ാം തീയതി ഒരു എട്ടു വയസ്സുകാരൻ മസ്റ്ററോട് ഇങ്ങനെ ചോദിച്ചു, "മാസ്റ്റർ, എന്തുകൊണ്ടാണ് ഈശ്വരൻ നിങ്ങളിൽ ഒളിച്ചിരിക്കുന്നത്, അദ്ദേഹം സ്വയം പ്രത്യക്ഷപ്പെടാത്തത് എന്തുകൊണ്ടാണ്?" മാസ്റ്റർ ഇങ്ങനെ മറുപടി നൽകി, " ഈശ്വരൻ ഒളിച്ചിരിക്കുകയാണെങ്കിൽ അതിനു തക്കതായ കാരണവും ഉണ്ടാവും. കാരണം വെളിപ്പെടുത്തിയാൽ പിന്നെ അദ്ദേഹത്തിന്റെ ഒളിച്ചിരിക്കുന്നതിൽ എന്താണർത്ഥം?" മാസ്റ്റർക്കു മാത്രമെ ഇങ്ങനെയൊരു മറുപടി നൽകുവാൻ സാധിക്കുയുള്ളൂ.




17-ാം തീയതി വൈകുന്നേരം അദ്ദേഹം ഒരു വലിയ സംഘം കുട്ടികളോടൊത്ത് ചിലവഴിച്ചു, കുട്ടികളും അദ്ദേഹത്തിന്റെ സന്നിധിയിൽ വളരെ സന്തുഷ്ഠരായിരുന്നു. പതുക്കെ മുതിർന്നവരും ധൈര്യം സംഘടിപ്പിച്ച് മാസ്റ്ററുടെ അരികിൽ മധുരവും ഉപഹാരങ്ങളുമായി വന്നുചേരുവാൻ തുടങ്ങി. വളരെയധികം ക്ഷമയോടും ശാന്തതയോടും കൂടി മാസ്റ്റർ എല്ലാവരെയും കണ്ടു. സെമിനാറിന്റെ വിഷയത്തെ ആസ്പദമാക്കി ഒരു സഹോദരൻ മാസ്റ്ററോട് ചോദിച്ചു, "മാസ്റ്റർ, മുൻവിധി സ്നേഹത്തിന്റെ വിപരീതമാണോ?" ഉടനടി മാസ്റ്റർ ഇങ്ങനെ മറുപടി നൽകി, "സ്നേഹത്തിന് വിപരീതമില്ല". ഈശ്വരന് വിപരീതമില്ലാത്തതുപോലെ സ്നേഹത്തിനും വിപരീതമില്ലെന്ന് അദ്ദേഹം പറഞ്ഞു.

അങ്ങ് എങ്ങനെയുണ്ട് എന്നു ചോദിച്ചപ്പോൾ "അധികം സുഖമില്ല എന്നാൽ പ്രശ്നങ്ങളുമില്ല" എന്ന് അദ്ദേഹം മറുപടി നൽകി. ഹൃദയസ്പർശിയായി മൗനം നിറഞ്ഞ നിമിഷങ്ങളായിരുന്നു അദ്ദേഹത്തിന്റെ കൂടെ ചിലവിട്ടതെല്ലാം.

ഈ സെമിനാറിലുടനീളം മാസ്റ്ററുടെ ആരോഗ്യം തൃപ്തികരമായിരുന്നില്ല. അതിനാൽ നേരത്തെ തീരുമാനിച്ചിരുന്ന ഒരുവിധം എല്ലാ സന്ദർശനങ്ങളും, മീറ്റിങ്ങുകളും, സത്സംഗങ്ങളും മാറ്റിവെക്കേണ്ടി വന്നെങ്കിലും അദ്ദേഹത്തിന്റെ ആത്മപ്രചോദിതമായ അവതരണവും വളരെയധികമായിരുന്നു. തന്റെ അരോഗ്യം സമ്മതിക്കുമ്പോഴെല്ലാം അദ്ദേഹം പുറത്തു വരികയും അഭ്യാസികളുമായി കൂടിക്കാഴ്ച നടത്തുകയും, മറ്റുള്ളവർ നൽകുന്ന പ്രഭാഷണങ്ങൾ കേൾക്കുകയും ചെയ്യുന്നുണ്ടായിരുന്നു. "അഭ്യാസികൾക്കായുള്ള എന്റെ സമയം തീരുമാനിക്കുന്നത് കൂടുതലായി മുകളിൽനിന്നാണ്(മുകളിൽ ബാബുജി മഹാരാജിനെ ചൂണ്ടിക്കൊണ്ട്) അത് വളരെയധികം പരിമിതപ്പെട്ടു കൊണ്ടിരിക്കുകയുമാണ്. കൂടുതലായി ലഭിക്കുന്ന ഒന്നിനും വിലയുണ്ടാവില്ല. അതിനാൽ കിട്ടുന്ന അവസരം പൂർണ്ണമായി പ്രയോജനപ്പെടുത്താൻ ഞാൻ എല്ലാവരോടും ആവശ്യപ്പെടുന്നു" എന്ന് അദ്ദേഹം പറയുകയുണ്ടായി.



## മാസ്റ്ററുടെ 87–ാം ജന്മദിന ആഘോഷങ്ങൾ

ബഹുമാനപ്പെട്ട മാസ്റ്ററുടെ 87–ാം ജന്മദിനം ആഘോഷിക്കാൻ രാജ്യത്തെ എല്ലാ സെൻററുകളിലും മുഴുദിന പരിപാടികൾ ഏർപ്പാട് ചെയ്തിരുന്നു. രാവിലത്തെ സത്സംഗത്തോടെയാണു പല സെൻററുകളിലും ദിവസം ആരംഭിച്ചത്. അതേ തുടർന്നു അഭ്യാസികളുടേയും കുട്ടികളുടേയും ഡാൻസ്, ലഘുനാടകം എന്നിവയും ഉണ്ടായിരുന്നു. അഭ്യാസി സഹോദരീ സഹോദരന്മാർ പാടിയ ഭജൻ ഭക്തിയുടേയും ശാന്തതയുടേയും അന്തരീക്ഷം ഉളവാക്കി.

തങ്ങളുടെ പ്രിയപ്പെട്ട മാസ്റ്ററെ സ്ക്രീനിൽ കണ്ടപ്പോൾ അഭ്യാസികളുടെ ഹൃദയങ്ങൾ ഒരു ആന്തരികമായ ആദ്ധ്യാത്മിക സന്തോഷം കൊണ്ടു നിറഞ്ഞു. ചെന്നൈയിൽ നടന്ന കാര്യങ്ങളുടെ നേരിട്ടുള്ള സംപ്രേഷണം, മാസ്റ്ററുമായി ഒരു ഭൗതിക സമ്പർക്കത്തിൻെറ അനുഭവം ഉളവാക്കി. ചില സെൻററുകളിൽ കേക്ക് മുറിക്കലും പിറന്നാൾ ഗാനാലാപനവും ഉണ്ടായി. ഇതേ തുടർന്ന് വിസ്പേർസിൽ നിന്നുമുള്ള സന്ദേശങ്ങൾ വായിക്കലും കുട്ടികളുടെ കലാപരിപാടികളും നടന്നു.

പല സെൻററുകളും, സത്സംഗങ്ങളിൽ പങ്കെടുത്ത അഭ്യാസികളുടെ എണ്ണം പതിവിലും കവിഞ്ഞതായി സാക്ഷ്യപ്പെടുത്തി. സെൻററുകളിൽ ഉടനീളം പ്രസംഗങ്ങൾ, ലഘുനാടകങ്ങൾ, ചർച്ചകൾ എന്നിവയെല്ലാം, ശരിയായ പെരുമാറ്റം, സമർപ്പണം, വിശ്വാസ്യത, ലക്ഷ്യം, മാർഗം തുടങ്ങിയ സഹജ മാർഗത്തിൻെറ വിവിധവശങ്ങളെ പ്രത്യേകം എടുത്തുകാട്ടി. പല സെൻററുകളിലും മാസ്റ്ററുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ അഭ്യാസികൾക്കു മുൻപിൽ പ്രസംഗങ്ങൾ, ലഘുനാടകങ്ങൾ, ചർച്ചകൾ എന്നീ രൂപത്തിൽ അവതരിപ്പിച്ചു.

ചെറുതും വലുതുമായ സെൻററുകൾ ചർച്ചകളും പാരസ്പര്യമുള്ള യോഗങ്ങളും സംഘടിപ്പിക്കുക വഴി അഭ്യാസികളുടെ ലക്ഷ്യത്തിലെത്താനുള്ള ആശയം, മാർഗം, മനോഭാവം എന്നീ ചിന്തകളെ ഒന്നിപ്പിക്കാനായി എല്ലാ പരിശ്രമങ്ങളും നടത്തി. നിരവധി സെൻററുകൾ ആ ദിവസം ആത്മപരിശോധനക്കായി ചിലവഴിക്കുകയും ഭക്തിയും പ്രേമവും ആന്തരികമായ ആദ്ധ്യാത്മിക സന്തോഷവും നിറഞ്ഞ ഒന്നായി ആഘോഷിക്കുകയും ചെയ്തു.


Ahmednagar


Nagpur


Gondia


Solapur


Bhilwara


Jodhpur


Jaipur


Phulgaon


Madurai


Kolkata


Ranchi


Chikali





### പഞ്ചാബിലെ ആദ്യത്തെ ആശ്രമം ലുധിയാനയിൽ

ലുധിയാന–പക്കോവാൽ പാതയിൽ സ്ഥിതി ചെയ്യുന്ന ഈ ആശ്രമം ലുധിയാന റെയിൽവെ സ്റ്റേഷനിൽ നിന്നും 10 കി.മി ദൂരത്തും, ബസ് സ്റ്റാൻറിൽ നിന്നു 6 കി.മി. ദൂരത്തുമാണ്. രണ്ടുനിലയുള്ള ഈ ആശ്രമം 2000 ചതുര വാര വിസ്ഥീർണ്ണമുള്ളതാണ്. ഇതിൽ മാസ്റ്ററുടെ കോട്ടേജ്, മെഡിറ്റേഷൻ ഹാൾ, ഡോർമിറ്ററി, കുട്ടികൾക്കുള്ള സ്ഥലം, ഓഫിസ്, പാചകശാല, ശൗച്യാലയങ്ങൾ എന്നിവയുണ്ട്. മെഡിറ്റേഷൻ ഹാളിൽ 350 പേർക്കിരിക്കാം. മാസറ്ററുടെ അനുവാദത്തോടുകൂടി അമേരിക്കയിൽ നിർമിച്ച ഒരു പ്രത്യേക ബെൽ ഈ ആശ്രമത്തിലുണ്ട്.

ഗുരുപൂർണിമ ദിവസമായ ജൂലൈ 22–നു ഏകദേശം 300 അഭ്യാസികളുടെ സാന്നിധ്യത്തിൽ ZIC മേജ്. ജെനറൽ (Retd) ഹർഭജൻസിംഗ് ആശ്രമം ഉത്ഘാടനം ചെയ്തു. ചെന്നൈയിൽ നിന്നും വീഡിയൊ വഴി മാസ്റ്റർ ആശ്രമം ഉത്ഘാടനം ചെയ്യുകയും അഭ്യാസികൾ ഈ സൗകര്യത്തെ അവരുടെ ആത്മീയ പുരോഗതിക്കായി ഉപയോഗിക്കണമെന്ന് ഉപദേശിക്കുകയും ചെയ്തു.. സഹോ. ഹർഭജൻസിംഗ് അതിനുശേഷം സത്സംഗം നടത്തി അഭ്യാസികളെ അഭിസംബോധന ചെയ്തു. ഈ മഹത്തായ പാരിതോഷികം നൽകിയ മാസ്റ്റർക്കു ലുധിയാന (CiC) സഹോ. രാമൻ കപൂർ നന്ദിപ്രകടിപ്പിച്ചു. ഇതിൽ പങ്കെടുത്ത എല്ലാ അഭ്യാസികളോടും വളൻറിയർമാരോടും അദ്ദേഹം നന്ദി പറഞ്ഞു. ആ സ്ഥലം ദൈവകൃപയാൽ നിറക്കപ്പെട്ടതായും മാസ്റ്ററുടെ സാന്നിധ്യം അവിടെ നിറഞ്ഞു നിൽക്കുന്നതായും എല്ലാവർക്കും അനുഭവപ്പെട്ടു.

### മനമദുരൈ, തമിഴ്നാട്

വളരെ വർഷങ്ങളായി, ശിവഗംഗൈ ജില്ലയിലെ മനമദുരൈ കേന്ദ്രം പ്രിഫെക്റ്റ് രാധാകൃഷ്ണൻെറ വീട്ടിലാണ് പ്രവർത്തിച്ചിരുന്നത്. അടുത്ത കാലത്ത് സഹോ. രാധാകൃഷ്ണൻ 33 സെൻറ് സ്ഥലം ദാനമായി നൽകി. അതിൽ മെഡിറ്റേഷൻ ഹാൾ, പാചകശാല, ഓഫിസ്, കുളിമുറി എന്നിവയുള്ള ഒരു കെട്ടിടം നിർമിച്ചു. മാസ്റ്ററുടെ അനുവാദത്തോടുകൂടി ജൂൺ 20–നു ZiC വിശ്വനാഥറാവ് ആദ്യത്തെ സത്സംഗം നടത്തി. അടുത്തുള്ള കേന്ദ്രങ്ങളിൽ നിന്നു ഏകദേശം 200 അഭ്യാസികൾ പങ്കെടുത്തു. അവരെല്ലാവരും വൈകുന്നേരത്തെ സത്സംഗം വരെ അവിടെ ഉണ്ടായിരുന്നു.

### വടക്കൻകുളം, തമിഴ്നാട്.

വടക്കൻകുളം, തിരുനൽവേലി, തൂത്തുക്കുടി, കന്യാകുമാരി എന്നീ കേന്ദ്രങ്ങളിൽ നിന്നു വന്ന ഏകദേശം 300 അഭ്യാസികൾ മാസ്റ്ററുടെ ജന്മദിനാഘോഷത്തിലും മാസ്റ്ററുടെ കോട്ടേജ് ഉത്ഘാടനത്തിലും പങ്കെടുത്തു. ഇവിടെ മെഡിറ്റേഷൻ ഹാൾ, കുളിമുറി, ഓല മേഞ്ഞ അടുക്കള, മാസ്റ്ററുടെ കോട്ടേജ്, ഡോർമിറ്ററിയായും, ക്ലാസ് മുറിയായും ഉപയോഗിക്കുന്ന ഹാൾ എന്നിവ നിർമിച്ചിട്ടുണ്ട്. രാവിലെ 8.30ന് സഹോ. എ.പി.ദുരൈ ഫലകം അനാവരണം ചെയ്തശേഷം 9.00 മണിക്ക് സത്സംഗം നടത്തി. അതിനുശേഷം ആത്മീയ സാന്നിധ്യം ആശ്രമത്തിൽ മാത്രമല്ല എല്ലാ ഇടത്തും അനുഭവിക്കണം എന്ന മാസ്റ്ററുടെ പ്രഭാഷണം വായിച്ചു. അതിനുശേഷം അഭ്യാസികളുടെ പ്രഭാഷണം, ചർച്ച, ആശ്രമത്തിൻെറ ചരിത്രം, ഗുരു പൂർണിമ ദിനത്തിൽ മാസ്റ്റർ നൽകിയ പ്രഭാഷണം എന്നിവയുടെ വീഡിയോ പ്രദർശനം എന്നിവയും ഉണ്ടായിരുന്നു. സത്സംഗത്തോടുകൂടി പരിപാടി അവസാനിപ്പിക്കുന്നതിനുമുമ്പ് ചോദ്യോത്തര വേളയും ഉണ്ടായിരുന്നു.

### പയ്യന്നൂർ, കേരളം

മാസ്റ്റർ സൂചിപ്പിച്ചതനുസരിച്ച് ജൂലൈ 22–നു ഗുരുപൂർണിമ ദിവസത്തിൽ ZiC കെ. യു. മോഹൻ ഇവിടുത്തെ മെഡിറ്റേഷൻ ഹാളിൻെറ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചു. 65 അഭ്യാസികൾ പങ്കെടുത്ത ഈ പരിപാടി സത്സംഗത്തോടുകൂടി ആരംഭിച്ച് തറക്കല്ലിടൽ ചടങ്ങിനുശേഷം കുറച്ച് ചെടികൾ നട്ടുപിടിപ്പിക്കുകയും ചെയ്തു. പ്രഭാത ഭക്ഷണത്തിനുശേഷം ചർച്ചക്കായി അഭ്യാസികൾ ഒന്നിച്ചുകൂടി. പയ്യന്നൂർ ആശ്രമത്തിൻെറ പുരോഗതിയുടെ പാതയിൽ ഇതൊരു നാഴികക്കല്ലാണെന്ന് CiC സഹോ. ടി.വി. കുഞ്ഞിക്കണ്ണൻ തൻെറ സ്വാഗത പ്രസംഗത്തിൽ പറഞ്ഞു. ഇതിനുശേഷം നടക്കാൻ പോകുന്ന നിർമാണ പ്രവർത്തിയിൽ എല്ലാ അഭ്യാസികളുടേയും ഹൃദയം നിറഞ്ഞ സഹകരണം അദ്ദേഹം അഭ്യർത്ഥിച്ചു. സേവനം വഴി പുരോഗതി നേടാൻ അഭ്യാസികൾക്ക് മാസ്റ്റർ നൽകുന്ന ഒരു സുവർണ്ണ അവസരമാണിതെന്ന് അദ്ദേഹം പറഞ്ഞു.





## മധ്യപ്രദേശിലെ ജാവ്രയിൽ വളർന്നുവരുന്ന കേന്ദ്രം



മധ്യപ്രദേശിലെ ഒരു ചെറിയ പട്ടണമായ ജാവ്രയിൽ കഴിഞ്ഞ പല വർഷങ്ങളായി 10 അഭ്യാസികൾ മാത്രമാണുണ്ടായിരുന്നത്. ജൂലൈ 12-ന സഹോദരി രുചിയുടെ ശ്രമത്താൽ ഒരു തുറന്ന സദസ് സംഘടിപ്പിക്കുകയും 75 പുതിയ അഭ്യാസികൾ സഹജ മാർഗത്തിൽ ചേരുകയും ചെയ്തു. ജൂലൈ 24-ന മാസ്റ്ററുടെ ജന്മദിനം പുതിയ അഭ്യാസികളോടൊത്ത് ആഘോഷിച്ചു. അതിനുശേഷം ZIC സഹോ. പ്രഭാകർ ദാസും, വേറെ ചില പ്രിഫെക്റ്റുമാരും അഭ്യാസികളും ഒത്ത്, ജാവ്ര, രത്‌ലം എന്നീ കേന്ദ്രങ്ങളിലെ അഭ്യാസികൾക്കായിആഗസ്റ്റ് 5, 6 തിയ്യതികളിൽ ഒരു മുഴുദിന പരിപാടി നടത്തി. ജാവ്രയിലെ 65 പുതിയ അഭ്യാസികൾക്കൊപ്പംരത്‌ലം, മൻസൊർ എന്നീ കേന്ദ്രങ്ങളിലെ അഭ്യാസികളും ഈ പരിപാടിയിൽ പങ്കെടുത്തു. സഹജമാർഗ പരിശീലനത്തെപ്പറ്റി സഹോ. ദാസ് നടത്തിയ പ്രഭാഷണവും ചോദ്യത്തരവേളയിലും ചർച്ചകളിലും പ്രിഫെക്റ്റുകൾ നൽകിയ മറുപടിയും അഭ്യാസികൾക്ക് സംശയങ്ങൾ തീർക്കാൻ ഒരു നല്ല അവസരമായി.

ആഗസ്റ്റ് 9-10 തിയ്യതികളിൽ ആത്മീയതയിൽ താത്പ്പര്യമുള്ള ഇരുപത്തിയാറ് പേർ മിഷനിൽ ചേർന്നു. അങ്ങനെ വർഷങ്ങളോളം ഒരു ഡസൻ അഭ്യാസികൾ മാത്രമുണ്ടായിരുന്ന ഈ കേന്ദ്രം ഒരു മാസത്തിനുള്ളിൽ 112 അഭ്യാസികളുള്ള, സഹജമാർഗം ജീവിതമാർഗമായി സ്വീകരിച്ച ഒരു കേന്ദ്രമായി മാറി. ഇത്തരം ഒരു രൂപാന്തരത്തിനുവേണ്ടി പരിശ്രമിച്ച ഫെസിലിറ്റേറ്റർമാരും പ്രിഫെക്റ്റുകളും കാഴ്ചവെച്ച സാഹോദര്യവും കൂട്ടായ്മയും ശ്ലാഘനീയമാണ്.

### പരമകുടി, തമിഴ്നാട്

ചെന്നൈയിലെ പ്രിഫെക്റ്റ് അരുണാചലവും 14 അഭ്യാസികളും ജൂലൈ 6-7 തിയ്യതികളിൽ പരമകുടി, മാനാമദുരൈ എന്നീ കേന്ദ്രങ്ങൾ സന്ദർശിച്ചു. ജൂലൈ 6-ന പരമകുടിയിൽ 11.30ന് നടത്തിയ സത്സംഘത്തോടുകൂടി പരിപാടി ആരംഭിച്ചു. അതിൽ പരമകുടിയിലെ ഏകദേശം 25 അഭ്യാസികൾ പങ്കെടുത്തു.

ഉച്ചഭക്ഷണത്തിനുശേഷം എല്ലാ അഭ്യാസികളും മനമദുരൈക്കു പുറപ്പെട്ടു. അവിടെ കുറച്ചു ദിവസങ്ങൾക്കു മുമ്പ് ഒരു പുതിയ മെഡിറ്റേഷൻ ഹാൾ ഉത്ഘാടനം ചെയ്യപ്പെട്ടിരുന്നു. അവിടുത്തെ CIC രാധാകൃഷ്ണനും 70 അഭ്യാസികളും അവരെ സ്വാഗതം ചെയ്തു. മുൻകൂട്ടി തീർച്ചപ്പെടുത്തിയ പ്രകാരം നൽകപ്പെട്ടിരുന്ന വിഷയങ്ങളിൽ ചർച്ച നടന്നു. അതിനുശേഷം രാത്രി 7.30ന് സത്സംഗം നടത്തി. പിന്നീട് അഭ്യാസികൾ പരമകുടിയിലേക്ക് തിരിച്ചു.



ഞായറാഴ്ച പരമകുടി, രാമനാഥപുരം, സിംഗമ്പുനരി, മദുരൈ, ശിവഗംഗൈ, മനമദുരൈ, ചെന്നൈ എന്നിവിടങ്ങളിൽ നിന്നു വന്നിരുന്ന 60 അഭ്യാസികളും 7 പ്രിഫെക്റ്റ്മാരും ഉണ്ടായിരുന്നു. സഹജമാർഗത്തിൻെറ അടിസ്ഥാന തത്വങ്ങളെപ്പറ്റി ചോദ്യോത്തരവും, മാസ്റ്റർ, മിഷൻ, മെതേഡ് എന്നിവയെപ്പറ്റി ഒരു പ്രശ്നോത്തരിയുംഉണ്ടായിരുന്നു. എല്ലാവരും ഇതിൽ ഉത്സാഹത്തോടുകൂടി പങ്കെടുത്തു. അന്നെദിവസം 3 സത്സംഗങ്ങൾ നടത്തി. ഈ പരിപാടി മുഴുവനും കൈകാര്യം ചെയ്തത് സഹോ. അരുണാചലമായിരുന്നു. സഹജമാർഗത്തെപ്പറ്റി ബോധവും അറിവും വളർത്താൻ ഇത് അഭ്യാസികൾക്ക് വളരെ ഉപകാരപ്രദമായിരുന്നു.

### ബനശങ്കരി, ബാംഗളൂർ

'മനന-സാധനേയ ചിന്തന ശിബിര' എന്ന വിഷയത്തെപ്പറ്റി കന്നഡയിൽ രണ്ട് സംഘങ്ങളായി ജൂലൈ 13-14, ആഗസ്ത് 3-4 എന്നീ ദിവസങ്ങളിൽ 110 അഭ്യസികൾക്കായി രണ്ട് പരിപാടികൾ നടത്തി. ഇത് രൂപകൽപ്പന ചെയ്തത് സഹോ. ബി. ശ്രീനിവാസാണ്. അതിനു സഹായികളായി സഹോദരി വസന്തകുമാരി, ഡോ. കൃഷ്ണമൂർത്തി, ബി.ജി. സുബ്രമണ്യ എന്നിവരും ഉണ്ടായിരുന്നു. ഇവർ നമ്മുടെ സാധനയുടെ അടിസ്ഥാന തത്വങ്ങൾ വിശദമായി വിവരിച്ചുകൊടുത്തു. സാധനയുടെ സൂക്ഷ്മമായ ഭാഗങ്ങൾ ചർച്ച ചെയ്ത് അവതരിപ്പിക്കാൻ അഭ്യാസികൾക്ക് വിഷയങ്ങൾ നൽകി. വിശദീകരണങ്ങളും, മാസ്റ്ററുടെ ഉദ്ധരണികളും ചോദ്യോത്തരങ്ങളും സംശയങ്ങൾ തീർക്കാൻ സഹായിച്ചു. അഭ്യാസികളിൽ നിന്നു ലഭിച്ച പ്രതികരണം ആശാവഹമായിരുന്നു. ആത്മീയ പുരോഗതിക്ക് ആക്കം കൂട്ടാൻ ഈ പരിപാടി സഹായിച്ചു.



## യുവാക്കളുടെ പരിപാടികൾ

**മുംബൈ,മഹാരാഷ്ട്ര**

പരശീലനാവശ്യങ്ങൾക്കായി പുതുതായി ആരംഭിച്ച മുറിയിൽ ആഗസ്റ്റ് 3 ന് സഹോ. മോഹൻ ദാസ് ഹെഗ്ഡെ, 'സഹജമാർഗ്ഗത്തിൽ നിങ്ങൾക്കുള്ള താത്പര്യം പുന:സ്ഥാപിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക'' എന്ന വിഷയത്തെക്കുറിച്ച് അവതരിപ്പിച്ച സെമിനാറിൽ, പൂനെയിൽനിന്നും മുംബൈയിൽ നിന്നുമുള്ള 63 യുവാക്കൾ പങ്കെടുക്കുകയുണ്ടായി.

എല്ലാവരേയും പരിചയപ്പെടുത്തിയതിനുശേഷം, ഓരോരുത്തരോടും തങ്ങൾ നിർവ്വഹിക്കുവാൻ പോകുന്ന ഒരു പ്രതിബദ്ധത അവരവരുടെ ഡയറിയിൽ കുറിച്ചുവെക്കാൻ ആവശ്യപ്പെടുകയുണ്ടായി. ഈ സെമിനാറിൽ നിന്നും ലഭ്യമാവുന്ന മറ്റു പ്രോത്സാഹനങ്ങളായ കാര്യങ്ങളും ഇതോടൊപ്പം ചേർത്ത് അവയുടെ വ്യാപ്തി വർദ്ധിപ്പിക്കുവാനും അംഗങ്ങളെ പ്രേരിപ്പിച്ചു. തുടർന്ന് 'സന്തുലിതമായ ജീവിതത്തിൻെറ ആവശ്യകത' എന്നെ വിഷയത്തെക്കുറിച്ചുള്ള അവതരണവും ഉണ്ടായി. അതിനു ശേഷമുണ്ടായ ഗ്രൂപ്പ് ചർച്ചയിൽ 'നിത്യസാധനയിൽ താൽപര്യം വർദ്ധിപ്പിക്കുക' 'മുദ്രണമില്ലാത്ത ജീവിതം എങ്ങനെ നയിക്കാം' എന്നീ വിഷയങ്ങൾ ചർച്ചാവിഷയമായി. എങ്ങനെ സാധനയിൽ താൽപര്യം വർദ്ധിപ്പിക്കാം എന്ന വിഷയത്തിൽ പല നൂതന ആശയങ്ങളും ഉയർന്നു വന്നു. സഹജമാർഗ സാധനയുടെ ഉദ്ദേശ്യങ്ങൾ എന്തെല്ലാമെന്ന് സഹോ.ഹെഗ്ഡെ ഉപസംഹരിച്ചുകൊണ്ട് സംസാരിച്ചു. സത്സംഗത്തോടെ യോഗം അവസാനിച്ചു.

സംബന്ധിക്കുന്ന ഒരു വീഡിയോ പ്രദർശനവും നടന്നു. "അച്ചടക്കം ഉള്ള വ്യക്തികൾക്കു മാത്രമേ ശിഷ്യനാവാൻ സാധിക്കുകയുള്ളൂ" എന്ന ബാബുജിയുടെ പ്രസിദ്ധമായ പ്രസ്താവന എടുത്തുകൊണ്ട്, അതിൽ ചർച്ച ആരംഭിച്ചു. നിത്യ സാധനയും, ദശസൂക്തങ്ങളുടെ കൃത്യമായ അനുധാവനവും ആത്മശിക്ഷണം സാദ്ധ്യമാക്കുമെന്നും ജീവിതലക്ഷ്യം അനായാസേന അടയുവാൻ സാധിക്കുമെന്നും ചർച്ചയിൽ ഉപസംഹരിച്ചു.

**കൊൽക്കത്ത, പശ്ചിമ ബംഗാൾ**

കൊൽക്കത്തയിലെ ബാബുജി മെമ്മോറിയൽ ആശ്രമത്തിൽ വെച്ചു നടത്തിയ ദ്വിദിന സംഗമത്തിൽ, കൊൽക്കത്തയിൽനിന്നും പ്രാന്ത പ്രദേശങ്ങളായ റാണിഗഞ്ച്, അസൻസോൾ, ജാർഗ്രാം, ദുർഗാപ്പൂർ മുതലായ സ്ഥലങ്ങളിൽനിന്നുമായി നാൽപ്പതോളം അഭ്യാസികൾ പങ്കെടുത്തു. വൈകുന്നേരത്തെ സത്സംഗത്തോടെ പരിപാടി ആരംഭിച്ചു. 'കൈ മാറുക'(Pass it on) എന്ന ആശയത്തോടുകൂടിയാണ് യോഗം ആരംഭിച്ചത്. "ആന്തരിക-ബാഹ്യ സന്തുലനം" എന്ന വിഷയത്തിൽ ദശസൂക്തങ്ങൾ ജീവിതത്തിൽ പകർത്തുന്നതിനുവേണ്ട ഗൗരവമായ ചിന്തയുടെ ബാഹ്യാവിഷ്കാരമായി ചർച്ചകൾ നടന്നു. അടുത്ത പ്രഭാതത്തിൽ, സാധനയുടെ സുപ്രധാന വശങ്ങളെക്കുറിച്ച് മാസ്റ്റർ പരാമർശിക്കുന്ന ഭാഗങ്ങൾ മാത്രം യോഗത്തിൽ പ്രദർശിപ്പിച്ചു. ശ്രവിച്ച കാര്യങ്ങളെക്കുറിച്ച് അയവിറക്കാനുള്ള അവസരം ഓരോ അവതരണത്തിനുശേഷവും ഉണ്ടായിരുന്നു. ആശയങ്ങൾ കൂടുതൽ വ്യക്തമാക്കുന്നതിനായി ചില വിനോദങ്ങളും അരങ്ങേറുകയുണ്ടായി. പങ്കെടുത്ത എല്ലാവർക്കും തിരഞ്ഞെടുത്ത വിഷയങ്ങളിൽ രണ്ടു മിനിട് സംസാരിക്കുന്നതിന് അവസരം നൽകി. വൈകുന്നേരം സത്സംഗത്തിനുശേഷം പങ്കെടുത്തവരുടെ അഭിപ്രായങ്ങളും ശേഖരിച്ചു.





**ഭിൽവാഡ, രാജസ്ഥാൻ**

ജൂലായ് 28ന് സംഘടിപ്പിച്ച യുവസംഗമത്തിൽ പതിനഞ്ചു പേർ പങ്കെടുത്തു. ദൈനംദിന ജോലികൾ എങ്ങനെ നിരന്തരസ്മരണയിൽ നിർവ്വഹിക്കാം എന്നും, അതിലൂടെ ജോലി എങ്ങനെ ആരാധനയാക്കാം എന്നും അവർ ചർച്ച ചെയ്യുകയുണ്ടായി. ചില അഭ്യാസികൾ തങ്ങളുടെ അനുഭവങ്ങൾ ഈ വേളയിൽ പങ്കു വെച്ചു. ഇതിനെക്കുറിച്ച് പ്രതിപാദിക്കുന്ന ഭാഗങ്ങൾ മിഷൻ പ്രസിദ്ധീകരണങ്ങളിൽനിന്നും വായിച്ചു മനസ്സിലാക്കി. അവസാനമായി അടുത്ത മീറ്റിംഗ് വരെ, നിരന്തരസ്മരണയിൽ ജോലികൾ നിർവ്വഹിക്കുവാനും, അടുത്ത മീറ്റിംഗ ിൽ ഇതേക്കുറിച്ച് ചർച്ച ചെയ്യുവാനും തീരുമാനിച്ച് സഭ പിരിഞ്ഞു.

**ശ്രീ ഗംഗാനഗർ,രാജസ്ഥാൻ**

ഇവിടെ നടന്ന യോഗത്തിൽ 'ആത്മശിക്ഷണം' (Self Discipline) എന്ന വിഷയത്തെ കുറിച്ച് ചർച്ച ചെയ്തു. ഇതിൽ പതിനഞ്ചു പേർ പങ്കെടുത്തു. തുടർന്ന് ഇതു



**മുംബൈ - അലിബാഗിലേക്കൊരു യാത്ര**

ജൂൺ പതിനഞ്ചിന് 45 യുവാക്കളും, കുറച്ച് പ്രിഫെക്റ്റുകളും ചേർന്ന് അലിബാഗിലേക്ക് ഒരു യാത്ര സംഘടിപ്പിക്കുകയുണ്ടായി. പരസ്പരം മനസ്സിലാക്കുക, അദ്ദേഹത്തിൻെറ സ്മരണയിൽ സമയം ചിലവഴിക്കുക എന്നീ ലക്ഷ്യത്തോടുകൂടിയാണ് ഈ യാത്ര സംഘടിപ്പിച്ചത്. സമ്മേളനസ്ഥലത്ത് എത്തിയതിനുശേഷം മാസ്റ്ററുടെ ഒരു വീഡിയോ പ്രദർശിപ്പിച്ചു. തുടർന്ന് ദശസൂക്തങ്ങളെക്കുറിച്ചുള്ള ഒരു ചർച്ചയോടെ മീറ്റിംഗ് ആരംഭിച്ചു. അലിബാഗ് സിറ്റിയിൽനിന്നുമുച്ചഭക്ഷണം കഴിച്ചശേഷം സായാഹ്നം ചിലവഴിക്കുന്നതിന് കടൽ തീരത്തേക്ക് പോയി. അത്താഴത്തിനുശേഷം, സഹോ. ഡോ.ഇചക് അഡൈസെസിൻെറ

...contd.

ഒരു വീഡിയോ പ്രദർശിപ്പിച്ചു. ക്ഷീണിതരായ എല്ലാവരും പെട്ടെന്നുതന്നെ ഉറക്കത്തിലേക്ക് വഴുതിവീണു. ആൺകുട്ടികൾ സഹോ. തില്ലുവിൻെറ ഫാം ഹൗസിലും പെൺകുട്ടികൾ സഹോ. പീന ഷായുടെ വീട്ടിലും ആണ് താമസിച്ചത്. അടുത്ത പ്രഭാതത്തിലെ സാധന ഉത്സാഹം പകരുന്നതായിരുന്നു. തുടർന്ന് നടന്ന ചർച്ചയിൽ എങ്ങനെ സാധന കൂടുതൽ ആത്മാർത്ഥമായി ചെയ്യാമെന്നും മിഷൻ ജോലികളിൽ എങ്ങനെ കൂടുതൽ സമയം അർപ്പിക്കാമെന്നും ഉള്ള വിഷയങ്ങൾ ചർച്ച ചെയ്തു. അതിനുശേഷം അവർ പൻവേൽ ആശ്രമത്തിനടുത്തുള്ള നാഗോത്താനേ എന്ന കേന്ദ്രവും സന്ദർശിച്ചു.



## പുതിയ നിയമനങ്ങൾ

### സെൻറർ ഇൻ ചാർജ്

സഹോ. ഗൌരി ശങ്കർ ദ്വിവേദി
മിർസാപ്പൂർ യു.പി.

സഹോ. ദിലീപ് കുമാർ സിംഗ്
ഫത്തേഗർ, യു.പി.

സഹോ. പ്യാരേലാൽ
മുഗൾസരയ് ,യു.പി.

സഹോ. രവികുമാർ ജൈൻ
റോബർട്ട്സ്ഗഞ്ച്,(സോനേഭദ്ര) യു.പി.

സഹോ. ജെ.കെ.മെഹ്രോത്ര
ബഹ്റായിച്ച്, യു.പി.

സഹോ. നരേഷ് ചാവ്ര
ധൻബാദ്, ഝാർക്കണ്ഡ്

സഹോ. എലിസബത്ത് ഡെൺലെ
ഡയറക്ടർ, ഹിസ്റ്ററി ആൻഡ് ആർക്കൈവ്സ് ഡിപ്പാർട്ട്മൻറ്

### ഒരു ക്ഷണം

പബ്ലിക്കേഷൻ വിഭാഗം അഭ്യാസികളിൽ നിന്നും അവരുടെ മക്കളിൽനിന്നും സർഗ്ഗാത്മകമായ സംഭാവനകൾ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി ക്ഷണിച്ചുകൊള്ളുന്നു. താഴെപ്പറയുന്ന ഏതെങ്കിലും വിഭാഗത്തിൽനിന്നായിരിക്കണം സംഭാവനകൾ:

- കല, ചിത്രങ്ങൾ, പെയിൻറിംഗുകൾ മറ്റേതെങ്കിലും വിധത്തിലുള്ള നിങ്ങളുടെ സർഗ്ഗാത്മക സൃഷ്ടികൾ
- നിങ്ങൾ നേരിട്ടെടുത്ത ഫോട്ടോകൾ
- അഡോബ് ഫോട്ടോ ഷോപ്പോ മറ്റേതെങ്കിലും സോഫ്റ്റ് വെയർ ഉപയോഗിച്ച് നിങ്ങൾ സൃഷ്ടിച്ച കലാ രൂപങ്ങൾ.(ഉപയോഗിച്ച കലാരൂപങ്ങൾ ലഭ്യമായ സ്രോതസ്സ് വ്യക്തമാക്കണം)

ലഭിക്കുന്ന അത്തരം കലാസൃഷ്ടികൾ പ്രസിദ്ധീകരണ വിഭാഗം പരിശോധിക്കുന്നതും മിഷൻ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടേയും, ഓഡിയോ-വീഡിയോ പ്രസിദ്ധീകരണങ്ങളുടെയും കവർ പേജായി ഉപയോഗിക്കാൻ തിരഞ്ഞെടുത്തേക്കാം. ഇത്തരം സൃഷ്ടികൾ പ്രസിദ്ധീകരണ വിഭാഗത്തിൻെറ പരിഗണനക്ക് വിടുമ്പോൾ അതിൻെറ പൂർണ്ണ പ്രസിദ്ധീകരണ അവകാശം സ്പിരിച്വൽ ഹയറാർക്കി പബ്ലിക്കേഷൻ ട്രസ്റ്റിന് നിങ്ങൾ നൽകിയതായി ഞങ്ങൾ കണക്കാക്കും.

താങ്കളുടെ സംഭാവനകൾ താഴെ പറയുന്ന രീതിയിൽ അയക്കാവുന്നതാണ്

- ഒരു എംബിയിൽതാഴെയുള്ള (<1MB) 'ലോ-റെസലൂഷൻ ഡിജിറ്റൽ കോപ്പിയായി design@shpt.in എന്ന ഇ-മെയിലിൽ അയക്കുക. നിങ്ങളുടെ സംഭാവന സ്വീകാര്യമാവുകയാണെങ്കിൽ അതിൻെറ ഒരു 'ഹൈ-റെസലൂഷൻ' കോപ്പി ഞങ്ങൾ ആവശ്യപ്പെടുന്നതായിരിക്കും.
- തപാൽ വഴി താഴെ പറയുന്ന വിലാസത്തിൽ അയക്കുക.

  *ഡിസൈൻ ടീം*
  *സ്പിരിച്വൽ ഹയറാർക്കി പബ്ലിക്കേഷൻ ട്രസ്റ്റ്*
  *അഡ്മിൻ ബിൽഡിംഗ്,*
  *ബാബുജി മെമ്മോറിയൽ ആശ്രമം*
  *മണപ്പാക്കം,ചെന്നൈ-600025*

നിങ്ങളുടെ പേര്, വയസ്സ്(കുട്ടികളാണെങ്കിൽ), അഭ്യാസി ഐഡി നമ്പർ (കുട്ടികളുടെ സംഭാവനയാണെങ്കിൽ രക്ഷിതാക്കളുടെ ഐഡി), സെൻറർ വിലാസം, ഫോൺ നമ്പർ, ഇ-മെയിൽ വിലാസം മുതലായവ നിങ്ങളുടെ സംഭാവനയുടെ കൂടെ നൽകേണ്ടതാണ്. നിങ്ങളുടെ സംഭാവന പ്രസിദ്ധീകരണത്തിന് തിരഞ്ഞെടുക്കുകയാണെങ്കിൽ ഡിസൈൻ ടീം നിങ്ങളുമായി ബന്ധപ്പെടുന്നതായിരിക്കും.

### പൂജ്യ മാസ്റ്ററുടെ ആരോഗ്യത്തെക്കുറിച്ചുള്ള ബുള്ളറ്റിൻ

പ്രിയപ്പെട്ട സഹോദരി സഹോദരന്മാരെ,

പൂജ്യ മാസ്റ്ററുടെ ആരോഗ്യസ്ഥിതി നിങ്ങളുമായി പങ്കു വെക്കുന്നതിൽ കാലതാമസം വന്നതിന് ഞാൻ അതിയായി ഖേദിക്കുന്നു. ഇപ്പോൾ നൽകി വരുന്ന ചികിത്സാമുറകൾക്ക് പൂജ്യ മാസ്റ്റർ നന്നായി പ്രതികരിക്കുന്നുണ്ട്. എന്നാൽ മരുന്നുകളുടെ പാർശ്വ ഫലങ്ങൾ അദ്ദേഹത്തെ ക്ഷീണിതനാക്കിയിട്ടുണ്ട്.

ഫിസിയോതെറാപ്പി അദ്ദേഹം കൃത്യമായി ചെയ്യുന്നുണ്ട്; അദ്ദേഹത്തിൻെറ ഇച്ഛാശക്തി കൊണ്ടു മാത്രം.

അദ്ദേഹത്തിൻെറ ആരോഗ്യനില സാധാരണ നിലയിലാണ്. തുടർന്നും അദ്ദേഹത്തിൻെറ ആരോഗ്യത്തിനുവേണ്ടി പ്രാർത്ഥിക്കുക.

നിങ്ങളുടെ എല്ലാ പ്രാർത്ഥനകൾക്കും അദ്ദേഹം നന്ദി പറയുന്നു. അതദ്ദേഹത്തെ വളരെയധികം സഹായിച്ചിട്ടുണ്ട്.

സസ്നേഹം,

ഡോ.നട്വർ ശർമ

## പുതിയ പ്രസിദ്ധീകരണങ്ങൾ





Inspirations
DVD English





A Rare Opportunity
DVD English





Invertendo
DVD English




One World One Family
DVD English




Discipline & Brotherhood
DVD English




Commentary on Ten Maxims
& Efficacy of Raja Yoga
MP3 - English





Commentary on Ten Maxims &
Efficacy of Raja Yoga
MP3 - Tamil





Commentary on Ten Maxims
& Efficacy of Raja Yoga
MP3 - Hindi




Reality at Dawn
MP3 -Tamil




Wisdom to Wonder
English




Spider's Web Vol-3
English




In His Footsteps—Vol 3
Telugu




Down Memory Lane
Hindi





Heart Speak-2003
Tamil



Tales of Wonder Vol-1
Kannada




Prefects' Directory




The Heart's Adventure

## ഈറോഡ് ആശ്രമം, തമിഴ്നാട്

പ്രകാശകേന്ദ്രം







ഈറോഡ് സെൻററിലെ ആദ്യത്തെ അഭ്യാസി കോയമ്പത്തൂരിൽനിന്നും മാറ്റമായി വന്നയാളാണ്. അദ്ദേഹം ഈറോഡിൽ ഒന്നാം നിലയിൽ ധ്യാനഹാളുമായി ഒരു വീട് പണിതു, അങ്ങനെ ഫെബ്രുവരി 1982ൽ ഈറോഡ് സെൻറർ ആരംഭിച്ചു. 1993ൽ അദ്ദേഹം ഈറോഡിലെ ആദ്യത്തെ പ്ര ിഫെക്റ്റായി. അഭ്യാസികളുടെ എണ്ണം വർദ്ധിച്ചപ്പോൾ 200 അഭ്യാസികൾക്ക് ഇരിക്കാവുന്ന ഒരു ഷെഡ് വീടിനു പിന്നിലായി നിർമ്മിച്ച് ധ്യാനം അവിടേക്ക് മാറ്റി.

2000 നവമ്പർ 3ന് മാസ്റ്റർ ഈറോഡിലേക്ക് ഒരു അനൗദ്യോഗിക സന്ദർശനം നടത്തി. അദ്ദേഹം നടത്തിയ സത്സംഗത്തിനുശേഷം അഭ്യാസികളുടെ ഹൃദയത്തിൽ ഒരു ആശ്രമത്തിനായുള്ള ത്വര ഉണർന്നു. ഉടനെ നാഷണൽ ഹൈവെ 47ൽ ഭവാനിക്കും പെരുംതുറൈക്കും ഇടയിലായി ആട്ടയമ്പാളയം എന്ന സ്ഥലത്ത് ഭൂമി വാങ്ങി.

2001 ഒക്ടോബർ 24–ന് ഏഴ് ഏക്കർ ഭൂമി സൊസൈറ്റിയുടേ പേരിൽ രജിസ്റ്റർ ചെയ്തു. 2.38 ഏക്കർ ആശ്രമത്തിനായി മാറ്റി വെച്ച് ബാക്കി അഭ്യാസികൾക്കായി ഭാഗിച്ചു. 2001 ഡിസംബറിൽ 60X40 അടി വലുപ്പത്തിലുള്ള ചെരിഞ്ഞ മേൽക്കുരയോടുകൂടിയ 250 അഭ്യാസികളെ ഉൾക്കൊള്ളാവുന്ന ധ്യാനഹാൾ നിർമ്മിച്ചു. ഭൂമി വാങ്ങുമ്പോൾ അതിലുണ്ടായിരുന്ന ടൈൽ പതിച്ചതായ കെട്ടിടം നമ്മുടെ പ്രിയ മാസ്റ്ററുടെ താമസത്തിനായി എല്ലാ അത്യാവശ്യ സൗകര്യങ്ങളും ചെയ്ത് ഉപയോഗിക്കുന്നു.

2002 ഏപ്രിൽ 1–ന് രജിസ്ട്രേഷനായി മാസ്റ്റർ ഈറോഡിൽ വന്ന് രണ്ടു ദിവസം താമസിച്ചു. അദ്ദേഹം ആ സന്ദർഭത്തിൽ 'ഈറോഡ് ആശ്രമം സമീപത്തുള്ള ചെറു സെൻററുകളുടെ ഒരു സംഗമകേന്ദ്രമായി പ്രവർത്തിക്കും.'' എന്ന് പ്രസ്താവിച്ചു. അതിനനുസരിച്ച് സമീപ പ്രദേശത്തുള്ള ചെറു സെൻററുകളിലെ അഭ്യാസികൾ എല്ലാ മാസത്തിലെ രണ്ടാമത്തെ ഞായറാഴ്ചയും അവിടെ ഒത്തുചേരാറുണ്ട്. മാസ്റ്റർ തിരുപ്പൂരിലേക്ക് റോഡ് മാർഗം വരുമ്പോഴെല്ലാം ഈറോഡിൽ കുറച്ചു സമയം ചിലവഴിച്ചേ യാത്ര തുടരുകയുള്ളു. 4000 ച.അടി വലുപ്പമുള്ള ഭക്ഷണശാലയുടെ നിർമ്മാണം 2010–ൽ ആരംഭിച്ചു. മാസ്റ്റർ 2011 മേയ് 14ന് തിരുപ്പൂരിലേക്കുള്ള യാത്രാമദ്ധ്യേ ഈറോഡിൽ വന്നു. അദ്ദേഹം പുതിയ അടുക്കളയും ഭക്ഷണശാലയും ഉത്ഘാടനം ചെയ്ത് സത്സംഗം നടത്തി.

ആശ്രമത്തിൽ ശൗചാലയം, ജനറേറ്റർ മുറി, അതിഥി മുറി, കാവൽക്കാരുടെ മുറി, കുട്ടികൾക്കായുള്ള കളിസ്ഥലം എന്നിവയുണ്ട്. എല്ലാ ഞായറാഴ്ചയും ഈറോഡിലുള്ള 200 അഭ്യാസികൾ സത്സംഗത്തിന് പങ്കെടുക്കുന്നുണ്ട്. മൂന്നുമാസത്തിലൊരിക്കൽ സമീപത്തെ കരുമണ്ഡമ്പാലയം, അരചലൂർ, ഭവാനി, പെരുംതുറൈ, ഗോബി, കവിണ്ഡപാടി, സത്യമംഗലം, പള്ളിപാളയം എന്നിവിടങ്ങളിലെ അഭ്യാസികൾക്കായി മുഴുദിന പരിപാടികൾ നടത്താറുണ്ട്. അഭ്യാസികളുടെ വർദ്ധനക്കനുസരിച്ച് പുതിയ ധ്യാനഹാളിന് പദ്ധതിയുണ്ട്.






To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org

© 2013 Shri Ram Chandra Mission ("SRCM"). All rights reserved. "Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.